<u>പതിനാലാം കേരള നിയമസഭ</u>
<u>നാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1915

07.03.2017-ൽ മറുപടിയ്ക്ക്

## കാർ സ്റ്റിക്കർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.കെ.ശശി | | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് അഭിഭാഷകർ, ഡോക്ടർ, പ്രസ്സ് എന്നിവരുടെ കാർ സ്റ്റിക്കർ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | അഭിഭാഷകർ, ഡോക്ടർ, പത്രപ്രവർത്തകർ എന്നിവരുടെ വാഹനങ്ങളിൽ തൊഴിലിന്റെ ഭാഗമായ സ്റ്റിക്കർ പതിപ്പിക്കുന്നത് ടി വ്യക്തികളുടെ സ്വന്തം ഉത്തരവാദിത്തത്തിലാണെന്ന് കാണുന്നു. ഇത് ഏതെങ്കിലും തരത്തിൽ ദുരുപയോഗപ്പെടുത്തുന്നതായ രേഖാ മൂലമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തിൽ എത്ര കേസുകൾ കഴിഞ്ഞ ഒരു വർഷത്തിനകം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | 'എ' യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല. |
| (സി) | ഇത്തരത്തിലുള്ള സ്റ്റിക്കറുകൾ സർക്കാർ നിയന്ത്രണത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ചു മാത്രം നൽകി ദുരുപയോഗം തടയുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ; | (സി) (ഡി) & (ഇ) | എൻറോൾ ചെയ്ത അഡ്വക്കേറ്റുമാരും മാധ്യമ പ്രവർത്തകരും ഡോക്ടർമാരും വാഹനത്തിൽ സ്റ്റിക്കർ ഉപയോഗിക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യത്തിൽ മോട്ടോർ വാഹന വകുപ്പുമായി കൂടി ആലോചിച്ച് |

| | | |
|---|---|---|
| (ഡി) | ഈ സ്റ്റിക്കറുകൾക്ക് സർക്കാർ അനുമതി നിർബന്ധമാക്കിക്കൊണ്ട് സ്റ്റിക്കറുകളിൽ ഉപയോഗിക്കുന്നയാളിന്റെ പേരും ആധാർ നമ്പരും ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ | ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഇ) | എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്നു വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ